പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6915 2.11 .2011-ൽ മറുപടിക്കുള്ളത്

കുറുമാത്തൂർ ഗവൺമെന്റ് ഐ.ടി.ഐ -ക്ക് കെട്ടിടം

ചോദ്യം ശ്രീ.ജെയിംസ് മാത്യു	മറുപടി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി)
(എ) തളിപ്പറമ്പ് കുറുമാത്തൂർ ഗവൺമെന്റ് ഐ. ടി. ഐ കെട്ടിടം പണിയുന്നതിലേക്കായി ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട നടപടിയുടെ വിശദാംശം അറിയിക്കാമോ;	(എ) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പന്നിയൂർ അംശം കൂനൻ ദേശം റീസർവ്വേ നമ്പർ 1/1 A2-യിൽപ്പെട്ട മിച്ചഭൂമി റസിഡൻഷ്യൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് കുറുമാത്തൂർ ഗ്രാമപഞ്ചായത്തിന് കമ്പോളവില ഈടാക്കി കൈമാറുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചു വരവേ കമ്പോളവില അടക്കുന്നത് ഒഴിവാക്കി പ്രസ്തുത സ്ഥലം 99 വർഷത്തേയക്ക് പാട്ടത്തിനു നൽകണമെന്ന് കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി പ്രസ്തുത ആവശ്യത്തിന്മേൽ ലാന്റ് ബോർഡ് സെക്രട്ടറിയോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതുവരെയും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കഴിവതും താമസിക്കാതെ റിപ്പോർട്ട് ലഭ്യമാക്കാൻ ലാന്റ് ബോർഡ് സെക്രട്ടറിയോട് വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.
(ബി) നടപടികൾ പൂർത്തിയാക്കി എന്ന് ഭൂമി ലഭ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?	(ബി) റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ